
ലിറ്റിൽ കൈറ്റ്സ് സംരംഭം
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS
ജ്വാല
ഡിജിറ്റൽ മാസിക
ECEK SCHOOL
ഇ.സി.ഇ.കെ. യൂണിയൻ ഹൈസ്കൂൾ
കുത്തിയതോട്

# ജ്വാലയുടെ താളുകൾ മറിക്കുമ്പോൾ...........


- എഡിറ്റോറിയൽ ബോർഡ്
- ചീഫ് എഡിറ്ററുടെ വാക്കുകൾ
- ആശംസകൾ - പ്രധാന അദ്ധ്യാപിക
- ആദരവോടെ...
- വീണ്ടും ആശംസകൾ
- ഗുരുനാഥ
- ഒരു കുഞ്ഞ്ക്കിളിയുടെ കഥ
- പാറുവിന്റെ മുത്തശ്ശി
- ബാല്യത്തിന്റെ നോവുകൾ
- കുട്ടിക്കവിത - മഴ
- കരിക്കിനുള്ളിലെ മാലാഖ
- കൂട്ടുകാരുടെ സൗഹൃദം
- എന്റെ നാട്
- ബാല്ല്യത്തിലേക്ക്
- സ്പോർട്ട്സും വിദ്യാഭ്യാസവും
- കുഞ്ഞുണ്ണിയുടെ യാത്രാപുസ്തകം
- കയ്പേറിയ ജീവിതം
- സ്വപ്നത്തിലെ കൂട്ടുകാർ
- ആശംസകൾ
- ബാല്ല്യത്തിന്റെ അനാഥത്വം
- പുഞ്ചിരി
- മലേഷ്യയിലേക്ക് ഒരു യാത്ര
- അമ്മ
- അനാഥ
- ഉപസംഹാരം

## എഡിറ്റോറിയൽ ബോർഡ്

അമൃത.എ -IX B

മരിയ പിന -IX B

വിസ്മയ.പി.ആർ -IX B

നന്ദന ഷാജി -IX B

ദീപിക രാജീവ് -IX B

വൈഷ്ണവ് സി.എൽ -IX B

വൈശാഖ്.കെ.വി -IX B

**ഇ.സി.ഇ കെ യൂണിയൻ ഹൈസ്കൂളിലെ**



**ലിറ്റിൽകൈറ്റ്സ് ടീം**

## കൂട്ടുകാരേ........




ഇന്നലെകളുടെ താളുകളിൽ
നിന്ന് ആരംഭിച്ച എഴുത്തു യാത്ര
ഇന്നെത്തിനിൽക്കുന്നത് ഡിജിറ്റൽ
മാഗസിനിലാണ്.
വരുന്ന തലമുറയ്ക്കു
വേണ്ടി കരുതലോടെയുള്ള മറ്റൊരു
മാറ്റിവയ്ക്കലാണ് ഇതും.വരാനിരിക്കുന്ന ഒരെഴുത്തു
പുരയുടെ ശക്തമായ അടിത്തറയാകും
ഇത് എന്നതിൽ സംശയം ഇല്ല.
ഈ താളുകൾ ഓരോന്നും പുതിയ തലമുറയുടെ കാഴ്ചകളുടെ
അനുഭവങ്ങളുടെ പകർത്തലുകളാണ്.അവരുടെ കാഴ്ചപ്പാടുകളെ
ചിന്തേരിട്ടു മിനുക്കി
കൂടുതൽ പക്വമാക്കാൻ ഈ 'ജ്വാല'
അവർക്ക് കൂട്ടാകുന്നിടത്ത് അതിന്റെ
ദൗത്യം പൂർത്തിയാക്കുന്നു.
അനുഗ്രഹാശിസ്സുകൾക്ക് പ്രാർത്ഥനയോടെ

അമൃത.എ
ചീഫ് എഡിറ്റർ







# ആശംസകൾ.......

ഈ.സി.ഇ.കെ യൂണിയൻ ഹൈസ്കൂളിലെ കുട്ടികൾ ഒരു മാഗസീൻ പ്രസിദ്ധികരിക്കുന്നതിൽ ഏറെ അഭിമാനിക്കുന്നു. പാഠ്യ-പാഠ്യേതര രംഗത്ത് സ്കൂളിൽ ഒരുപാട് നേട്ടങ്ങൾ കൈവരിക്കുവൻ സാധിച്ചിട്ടുണ്ട്.   അത് ഡിജിറ്റൽ മാഗസിനിലൂടെ പുറത്തിറങ്ങുന്നതിൽ എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു .അക്ഷരാർഥത്തിൽ വിവര സാങ്കേതിക വിദ്യയുടെ വിരൽ തുമ്പിലൂടെ ലിറ്റിൽ കൈറ്റ്സ് വാനോളം ഉയരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർഥിക്കുന്നു ആശംസകളോടെ

ഹെഡ്മിസ്ട്രസ്സ്

ജ്യോതി  ജി.കെ.നായർ





# ആദരവോടെ ....ജയശ്രീ ടീച്ചറിന്....

സ്കൂൾ അദ്ധ്യായന വർഷം അവസാനിക്കുമ്പോൾ സന്തോഷകരവും ദുഃഖകരവുമായ അനുഭവങ്ങൾ അദ്ധ്യാപക ജീവിതത്തിൽ കടന്നുവരാറുണ്ട്.ഔദ്യോഗിക ജീവിതം അവസാനിച്ച് പെൻഷനാകുന്നവരുടെ വേർപാട് ഈ അവസരത്തിൽ ഹൃദയവേദന യുണ്ടാക്കുന്നതാണ്.ഈ വർഷവും പതിവുപോലെ മാർച്ച് അവസാനം അത്തരമൊരു സന്ദർഭത്തെ അഭിമുഖീകരിക്കേണ്ടി വരുമെല്ലോ എന്ന ദുഖ:മാണ് ഞങ്ങളുടെ മനസ്സിലിപ്പോൾ.

ഐറ്റി രംഗത്തെ പാടവമാണ് ടീച്ചറിനെ ഞങ്ങളുടെ മനസ്സിൽ പിടിച്ച് നിർത്തുന്നത്.

ശാസ്ത്രാദ്ധ്യാപികയായ **ജയശ്രീ ടീച്ചർ** ഓരോ വിദ്യാർഥിയെയും അവരവരുടെ ആരോഗ്യ പരിപാലനത്തിന്റെ ആവശ്യകതകൾ ലളിതമായി പറഞ്ഞുകൊടുത്ത് അവരുടെ മനസ്സിൽ ഇടം നേടിയ ജീവശാസ്ത്ര അദ്ധ്യാപിക.ചുറ്റുപാടുകളും മനുഷ്യനും തമ്മിലുള്ള ബന്ധം കുട്ടികളിൽ രൂപപ്പെടുത്തുന്നതിനെ ടീച്ചർ മുൻകൈെടുത്ത് പ്രവർത്തിച്ച ഹെൽത്ത്ക്ലബ്ബ് ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.സൗമ്യവും ആയ രൂപത്തിന് ചേരും വിധം പേര് സ്നേഹത്തിലൂടെയും വിദ്യാർത്ഥികളുടെ മനസ്സുകൾകീഴടക്കിയ ജയശ്രീ ടീച്ചർ. ടീച്ചറിന്റെ അമ്മ രാധടീച്ചറും നമ്മുടെ വിദ്യാലയത്തിലെ ശാസ്ത്രാദ്ധ്യാപികയായിരുന്നു എന്നത് തിളക്കം കൂട്ടുന്നു. വി.വി.എച്ച്.എസ്സ്.എസ്സ്ലും നമ്മുടെ വിദ്യാലയത്തിലുമായി സ്കൂൾപഠനം പൂർത്തിയാക്കിയ ടീച്ചർ സെന്റ്ഃമൈക്കിൾസ് കോളേജിലും തുടർന്ന് 'ബാംഗ്ലൂർ യൂണിവേഴ്സിറ്റി'യിൽB-ed ചെയ്തു. 1990 ൽ താൽക്കാലികമായി ECEKUHS ൽ ജോലിക്ക് കയറിയ ടീച്ചർ 1992 ൽ സ്ഥിരപ്പെട്ടു.പുസ്തകങ്ങളിലും കൃഷിയിലും സന്തോഷം കണ്ടെത്തുന്ന ടീച്ചർക്ക് ഔദ്യോഗിക വിരമിക്കലിനു ശേഷവും ഇവ കൂട്ടായിരിക്കും എന്നതിന് സംശയമില്ല.

ഞങ്ങൾ കംപ്യൂട്ടർ ലാബിൽ കടക്കുമ്പോൾ , ലാബിൽ ടീച്ചറിന്റെ അഭാവം ഞങ്ങളെ വേദനിപ്പിക്കും





സ്തുത്യർഹമായ സേവനത്തിന് ശേഷം സർവ്വീസിൽ നിന്ന്
വിരമിക്കുന്ന ഞങ്ങളുടെ പ്രിയങ്കരിയായ
**അജിത ടീച്ചറിന്** എല്ലാ ആശംസകളും
ലിറ്റിൽ കൈറ്റ്സ്

.............................................................................

# ആശംസകൾ.....



....

*വാർത്താവിനിമയ രംഗത്ത് അതിവേഗം വളരുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിർമ്മിക്കുന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു.*

***ഗോപകുമാർ***
*സ്റ്റാഫ് സെക്രട്ടറി*

രാജശ്രീരാജീവൻ 8 ബി



# ഗുരുനാഥ

ആദ്യമായി ആദ്യക്ഷരം ചൊല്ലി പഠിപ്പിച്ച

അമ്മയ്ക്ക് തുല്യമാണെൻ ഗുരുനാഥ

തിന്മയെ എന്നിൽ നിന്നകറ്റി


നന്മയെ വഴികാട്ടിയായി എൻ ഗുരുനാഥ

ഈശ്വരന് സമമാണെൻ ഗുരുനാഥ

പൂവായി പുസ്തകത്തെയും

പൂവിലെ തേൻ നുകരാനെത്തുന്ന

പൂമ്പാറ്റയായ് നീ നിന്നെ കാണണമെന്നും



തേൻ നുകരുന്നതു പോലെ തന്നെ

മാധുര്യത്തോടെ അറിവ് നുകരണമെന്നും

ഗുരുനാഥ എന്നെ പഠിപ്പിച്ചു

ഗുണമേന്മയുള്ള അറിവിനെ

സ്വീകരിക്കണമെന്നും

ഗുണകരമല്ലാത്തതിനെ അകറ്റണമെന്നും

പറഞ്ഞ് ഗുരുനാഥ എന്നിലെ

നന്മയെ ഉണർത്തി

അന്നും ഇന്നും മാധുര്യമുള്ള ഒരു സ്വപ്നമായി

നിറഞ്ഞു നിൽക്കുന്ന **എൻ ഗുരുനാഥ.....**

# ഒരു കുഞ്ഞുകിളിയുടെ കഥ



ഒരിക്കൽ ഒരു മരത്തിൽ ഒരു കുഞ്ഞുകിളി താമസിച്ചിരുന്നു. ആ കിളി ഒരിക്കൽ തീറ്റ തേടി പുറപ്പെട്ടു. അപ്പോൾ അവിടെ ഒരു കിളിയുടെ മുട്ട കിടക്കുന്നത് കണ്ടു. അവൾ വേഗം ആ മുട്ടയുടെ അടുത്തേക്ക് ഓടിവന്നു.



എന്നിട്ട് ആ മുട്ട വിരിയാനായി അവൾ ആ മുട്ടയ്ക്ക് കാവൽ നിന്നു. കുറേ കഴിഞ്ഞപ്പോൾ ആ മുട്ട ചെറുതായി പൊട്ടാൻ തുടങ്ങി. അതിൽ നിന്നും ഒരു കുഞ്ഞ് പുറത്തേക്ക് വന്നു. ആ കുഞ്ഞിനെ കണ്ടപ്പോൾ കുഞ്ഞിക്കിളിക്ക് വളരെ സന്തോഷമായി.

ഷെറിൻ ഷാജി 6 B

........................................................................................

# പാറുവിന്റെ മുത്തശ്ശി



പണ്ട് പണ്ട് **പാറു** എന്ന കുട്ടി ഉണ്ടായിരുന്നു.നല്ല സ്വഭാവമുള്ള കുട്ടിയാണ്.മുത്തശ്ശിക്ക് പാറുവിനെ ഇഷ്ടമായിരുന്നു.ഒരു ദിവസം മുത്തശ്ശിയുടെ മക്കൾ വന്നു,രാത്രിയായി.ഭക്ഷണം കഴിക്കാനായി പാത്രം എടുത്തപ്പോൾ താഴെ വീണു പൊട്ടി.പാറുക്കുട്ടിയുടെ അമ്മ മുത്തശ്ശിയെ വഴക്കു പറഞ്ഞു.പാറുക്കുട്ടിക്ക് സടങ്കമായി.പാറുക്കുട്ടി അടുക്കളയിൽ ചെന്ന് മരക്കഷണങ്ങൾ എടുത്തുകൊണ്ട് ഇരിക്കുകയാണ്.അപ്പോഴാണ് പാറു പറഞ്ഞത് ഇത് അമ്മ പ്രായമാകുമ്പോൾ അമ്മയ്ക്കുവേണ്ടിയാണ്.



വിജയലക്ഷ്മി 8A

# ബാല്യത്തിന്റെ നോവുകൾ

മഴ അതിശക്തിയായി പെയ്തു കൊണ്ടിരുന്നു. ഇരുട്ടിനെ കീറിമുറിച്ചു കൊണ്ടുവരുന്ന അവളെ തന്റെ നോവുനിറഞ്ഞ ബാല്യത്തിന്റെ ഓർമകളിലേക്ക് കൂട്ടിക്കൊണ്ടു പോകുകയായിരുന്നു. ജനൽപ്പാളികളിലൂടെ കാറ്റിന്റെ ശക്തിയിൽ അകത്തേക്ക് കടക്കുന്ന മഴത്തുള്ളികൾ അവളുടെ കണ്ണുനീരിനെ പൂർണമായും മറച്ചിരുന്നു. അവൾ തന്റെ ബാല്യത്തിലേക്ക് ഒന്നുകൂടി തിരിഞ്ഞു നോക്കുകയാണ്. അവൾക്ക് രണ്ട് വയസ്സായതേയുള്ളൂ. മാളു എന്നാണവളുടെ പേര്. അവളുടെ വീട്ടിൽ അച്ഛനും അമ്മയും മുത്തശ്ശിയുമൊക്കെ ഉണ്ടായിരുന്നു. അവൾക്ക് ഏറ്റവും പ്രിയം അവളുടെ മുത്തശ്ശിയോടാണ്. കാരണം മുത്തശ്ശി എല്ലാ ദിവസവും നല്ല കഥകൾ അവൾക്ക് പറഞ്ഞു കൊടുക്കുമായിരുന്നു. അങ്ങനെ മാളൂട്ടിക്ക് മൂന്നു വയസ്സ് തികയുകയാണ്. അച്ഛനും അമ്മയും അവളെ അംഗൻവാടിയിൽ ചേർക്കുന്നതിനെക്കുറിച്ച് പറയാൻ തുടങ്ങി. അവൾക്കും അംഗൻവാടിയിൽ പോകണം എന്നാഗ്രഹം കൂടിക്കൂടി വരുകയാണ്. അങ്ങനെ കാത്തിരുന്ന് കാത്തിരുന്ന് ആ ദിവസം വന്നു. അവളുടെ അച്ഛൻ പുത്തൻ ബാഗും കുടയും കുപ്പിയും എല്ലാം വാങ്ങിച്ചു കൊടുത്തു. അന്ന് അവൾ അതിരാവിലെ എണീറ്റ് റെഡിയായി. അച്ഛന്റെ കൈയ്യും പിടിച്ച് അമ്മയോടും മുത്തശ്ശിയോടും യാത്ര പറഞ്ഞ് അവൾ അംഗൻവാടിയിലേക്ക് പോയി. അംഗൻവാടിയിൽ ആക്കിയ ശേഷം തിരിച്ചു മടങ്ങുകയും ചെയ്തു. ഒരുപാട് പാട്ടുകളും കഥകളും ടീച്ചർ അവരെ പഠിപ്പിച്ചു. അങ്ങനെ എല്ലാ ദിവസവും അവൾ അംഗൻവാടിയിൽ പോകാൻ തുടങ്ങി. ഒരു ദിവസം അവൾ അംഗൻവാടിയിൽ ഇരിക്കുകയായിരുന്നു. ഉച്ചയ്ക്ക് ഒരു രണ്ടു മണിയായിക്കാണും. അപ്പോൾ ആരോ അംഗൻവാടിയുടെ മുന്നിൽ കിതച്ചു കൊണ്ടോടി വന്നു. അയാൾ ടീച്ചറെ വിളിച്ച് എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. ടീച്ചർ അത് കേട്ടയുടനെ ഞെട്ടിത്തരിച്ചുപോയി. ടീച്ചർ ഉടനെ അംഗൻവാടിയിലെ കുട്ടികളെ ആയയെ ഏൽപ്പിച്ച് മാളൂട്ടിയേയും കൊണ്ട് അവളുടെ വീട്ടിലേക്ക് പോയി. എന്തിനാ വീട്ടിലേക്ക് പോകുന്നത് എന്ന് അവൾ പലപ്രാവശ്യം ടീച്ചറോട് തിരക്കി. അതൊന്നും ശ്രദ്ധിക്കാതെ ടീച്ചർ അവളേയും കൊണ്ട് അതിവേഗത്തിൽ നടക്കാൻ തുടങ്ങി. മാളൂട്ടിക്ക് എന്താ





കാര്യമെന്നൊന്നും പിടികിട്ടിയില്ല. അവർ അവളുടെ വീടിന്റെ മുമ്പിലെത്തിയിരിക്കുന്നു. ആദ്യം അവളൊന്നു സംശയിച്ചു നിന്നു. തന്റെ

വീട്ടിൽ എന്താണിത്രയും അധികം ആളുകൾ കൂടാൻ കാരണം. ഇത് കണ്ടപ്പോൾ തന്നെ അവൾക്ക് എന്തോ പന്തികേട് തോന്നി. ആളുകളെയെല്ലാം മാറ്റി അവൾ വീടിന്റെ ഉമ്മറത്തേക്ക് ഓടി. ആ കാഴ്ച്ച കണ്ട് അവൾ ഞെട്ടിപ്പോയി. വീടിനു മുന്നിൽ രണ്ട് വെള്ളത്തുണി കൊണ്ട് രണ്ട് പേരെ മൂടിയിട്ടിരിക്കുന്നു. കരയണോ വേണ്ടയോ എന്നൊന്നും അവൾ മനസ്സിലായില്ല. നോക്കിയപ്പോൾ അപ്പുറത്ത് മുത്തശ്ശി ഇരുന്ന് കരയുന്നത് കണ്ടു.

അവൾ പതുക്കെ ആ വെള്ളത്തുണികൾ രണ്ടും മാറ്റി നോക്കി. അതോടെ അവൾ ഏങ്ങലടിച്ച് കരയാൻ തുടങ്ങി. കാരണം ആ ശവശരീരങ്ങൾ അവളുടെ അച്ഛനും അമ്മയും ആയിരുന്നു. രണ്ട് പേരെയും കെട്ടിപ്പിടിച്ച് അവൾ വാവിട്ടു കരഞ്ഞു.അവളുടെ കരച്ചിൽ കണ്ടു നിൽക്കാനാവാതെ കുറച്ചുപേർ അവളെ അകത്തേക്ക് എടുത്തു കൊണ്ടുപോയി. അച്ഛനേയും അമ്മയേയും ഇനി കാണാൻ പറ്റില്ല എന്നവൾക്ക് മനസ്സിലായി. കുറച്ചു നാളുകൾക്ക് ശേഷം ആരൊക്കെയോ അവളുടെ വീട്ടിൽ വന്നു. ആ പ്രദേശത്തെ സാമൂഹിക പ്രവർത്തകരായിരുന്നു അത്. അവർ അവളുടെ കാര്യത്തെക്കുറിച്ച് സംസാരിക്കാൻ എത്തിയതായിരുന്നു. അവളുടെ മുത്തശ്ശിക്ക് ഇപ്പോൾത്തന്നെ നല്ല പ്രായമായിട്ടുണ്ട്. അപ്പോൾ മുത്തശ്ശിക്ക് അവളെ സാധിക്കില്ലെന്നും അതിനാൽ അവളെ ഒരു ഓർഫനേജിലേക്ക് ആക്കണമെന്നും അവർ അവരോട് പറഞ്ഞു. മുത്തശ്ശി അതിന് സമ്മതിക്കുകയും ചെയ്തു. അങ്ങനെ മുത്തശ്ശിയെ ഒരു വൃദ്ധസദനത്തിലേക്ക് ആക്കുകയും മാളൂട്ടിയെ ഓർഫനേജിലേക്ക് ആക്കുകയും ചെയ്തു. വീടും സ്ഥലവുമെല്ലാം അവളുടെ പേരിൽ എഴുതി വച്ചു. അവിടെ നിന്നാണ് അവൾ ഇപ്പോഴുള്ള അവസ്ഥയിൽ എത്തിയത്. അവളെ ഓർഫനേജിൽ നിന്നും നല്ല മനസ്സുള്ള ഒരാൾ വിവാഹം കഴിക്കുകയും അവർ സുഖമായി ജീവിതം നയിക്കുകയും ചെയ്തു. മാളൂട്ടിക്ക് ബാല്യത്തിലെ സങ്കടങ്ങളെല്ലാം അകറ്റി പുതിയൊരു ജീവിതം കൂടി അയാൾ നൽകി. മഴ സാവധാനം കുറയാൻ തുടങ്ങി. ഇടിമിന്നലും കാറ്റും കുറഞ്ഞു. അവൾ ജനലുകൾ അടച്ച് തന്റെ കിടപ്പുമുറിയിലേക്ക് പോയി. എത്ര നിലയിലെത്തിയിട്ടും അവൾക്ക് തന്റെ നോവുകളിൽ നിന്നും പിൻതിരിയാൻ സാധിച്ചിട്ടില്ല.



വിസ്മയ 9 ബി

# മഴ..........



അമ്മയായുദിക്കുമെൻ മഴ

ഒരു മഴയിൽ ഞാനെന്റെ

ബാല്യങ്ങളോർത്തുപോകവേ

ഒരു തോരാമഴയിൽ എൻ

ദുഃഖങ്ങൾഒലിച്ചുപോകവേ

മനുഷ്യർതൻ ഹൃദയത്തിൽ

സ്പർശിക്കുന്നതും മഴ

മഴയാണഎൻ സസ്യവൃക്ഷത്തെ

ഉയരത്തിലെത്തിക്കുന്നതും

മഴയുടെ കുളിർക്കാറ്റു

മനുഷ്യ മനസിനെ സ്പന്ദിക്കുന്ന



മഴയെ സ്നേഹിക്കാത്തവർ

ആരുണ്ടീഭൂമിയിൽ

ജ്വാല

ഒരു മഴവെള്ളപ്പൊക്കത്തിൽ

ഞാനോടിക്കളിക്കവേ

മഴവെള്ളപ്പാച്ചിൽ എൻ

മനസ് നദിയായൊഴുകികൊണ്ടിരുന്നു

മഴയെ ഞാൻ സ്നേഹിക്കുന്നു

മഴയെന്നേയും സ്നേഹിക്കുന്നു

സ്കൂളിൻ വരാന്തയിൽ ഞാനെത്തുമ്പോൾ

വാദിക്കൽ നിന്നുദിക്കുന്നതും മഴ

മഴയ്ക്ക് ഞാനെന്റെ

ഒത്തിരിയൊത്തിരി ഇഷ്ടം നൽകുന്നു

**ആവണി വി,ഡി 9 ബി**



**E C E K UNION H S,KUTHIATHODE**

# കരിക്കിനുള്ളിലെ മാലാഖ



ഒരിക്കൽ കാത്തിരുന്ന് കാത്തിരുന്ന് ഒരു അച്ഛനും അമ്മയ്ക്കും പുന്നാരിച്ചൊരു മകൻ

ഉണ്ടായി. അവൻ മടുക്കനായി വലുതായി. അപ്പോൾ അവനൊരാഗ്രഹം ഈ മാലാഖ

എന്നൊക്കെ പറയുന്നത് സത്യമാണോ? മാലാഖയെ കാണാൻ സുന്ദരിയാകുമോ?

മാലാഖയെ ഒന്നു കണ്ടിട്ടുതന്നെ കാര്യം. അവൻ കുഞ്ഞിലേ വലുതാകുമ്പോൾ വരെ

ഈ ആഗ്രഹവും വലുതായി. ഒരു ദിവസം അവൻ അമ്മയോടു ചോദിച്ചു "അമ്മേ ഈ മാലാഖ എവിടെയാണുണ്ടാവുക" അപ്പോൾ അമ്മ ചിരിച്ചു കൊണ്ടു പറഞ്ഞു.

"കാക്കക്കുന്നിലെ കൊച്ചു തെങ്ങിലെ ഇളം കരിക്കിൻെറ ഉള്ളിലാണ് മാലാഖയുള്ളത്." ഇതു കേട്ടപ്പോൾ അവന് കൗതുകം കൂടിക്കൂടി

വന്നു. കാക്കക്കുന്നെവിടെയാണ്. എങ്ങനെയാണ് പോകേണ്ടത്? എന്നെല്ലാം

അവൻ അമ്മയോട് ചോദിച്ച് മനസ്സിലാക്കി. പിന്നെ വൈകിച്ചില്ല. അവൻ പിറ്റേന്നു തന്നെ

കാക്കക്കുന്നിലേക്ക് യാത്ര തുടർന്നു. ഭക്ഷണവും വെള്ളവുമൊക്കെയായിട്ടായിരുന്നു അവൻെറ

യാത്ര. ഒത്തിരി നിർബന്ധിച്ചിട്ടാണ് അവൻെറ അച്ഛനും അമ്മയും കുന്നിലേക്ക് പോകാനനുവ-

ദിച്ചത്. അവൻ നടന്ന് നടന്ന് തോങ്ങിനരികിലേക്കെത്തി. അവൻ വളരെ ബുദ്ധിമുട്ടിലാണെ

ങ്കിലും കരിക്കുപറിച്ചു. ശേഷം പോട്ടിച്ചു. പോട്ടിച്ചപ്പോളവന് നിരാശതോന്നി. അതിനുള്ളിൽ

വെള്ളമല്ലാതെ വേറെയൊന്നുമില്ല. അവൻെറഎല്ലാ ആഗ്രഹങ്ങളും തകർന്നു. അവൻ തിരിച്ചു

നടന്നു. പെട്ടെന്ന് പുറകിൽ നിന്നൊരു വിളി. കുട്ടീ മധുരമായ ആ സ്ത്രീശബ്ദം കേട്ട് അവൻ

തിരിഞ്ഞുനോക്കി. അതാ ഒരു തേജസാർന്ന അഴകുള്ള സൗന്ദര്യവതി. വെളുത്ത വസ്ത്രം,

കൈയ്യിൽ ചേലുള്ള ഒരു വടി. വടിക്കുചുറ്റും നക്ഷത്രങ്ങൾ പാവും പോലെ. തലയിൽ ഒരു

കൊച്ചുകിരീടം. അവന് അത് മാലാഖയാണെന്ന് ഉറപ്പുതോന്നിയപ്പോഴേക്കും അവർ അവന്റെയടുത്തെത്തി.



വൈഷ്ണവ് സി. എൽ 9 ബി

മിനിക്കഥ

# കൂട്ടുകാരുടെ സൗഹൃദം



കൃഷ്ണജ  പി.യു 7 ബി



ഒരു മനോഹരമായ സ്ഥലത്താണ് ഒരു കൊച്ചുകുട്ടി താമസിച്ചിരുന്നത്.
ഒരു മനോഹരമായ കൊട്ടാരം പോലുള്ള വീടായിരുന്നു അവളുടേത് .ആ കുട്ടിക്ക് ആ സ്ഥലം വളരെ അധികം  ഇഷ്ടമാണ്.അവൾക്ക്  ആ സ്ഥലത്ത് കളിക്കാൻ കുറെ അധികം കൂട്ടുകാരുണ്ടായിരുന്നു ,ആ സ്ഥലം വിട്ട് പോകില്ല എന്ന് സന്തോഷത്തോടെ അവന്ൾ കളിച്ചുംം ചിരിച്ചും ലടന്നു.കൂട്ടുകാർ വന്നു പറഞ്ഞാൽ അവൾക്ക് ജീവനായിരുന്നു. അങ്ങനെ ഇരിക്കെ ആ കുട്ടിയുടെ അച്ഛൻ വേറെ സ്ഥലത്തേക്ക് ജോലിക്കായി പോയി. അവരും അവിടെ നിന്ന് പോകാൻ തിരുമാനിച്ചു .അതു കേട്ടപ്പേൾ അവളുടെ കൂട്ടുക്കാരെ കാണാനും കളിക്കാനും കഴയില്ല എന്നുള്ള സങ്കടം അവൾക്കുണ്ടായി .അവളുടെ അമ്മ നിർബന്ധപൂർവ്വം കുട്ടിക്കൊണ്ടുപോയി .സങ്കടം ഉള്ളത് കൊണ്ട് കൂട്ടുകാരോട് യാത്ര പറയാൻ അവൾക്ക് സാധിച്ചില്ല.എന്നെങ്കിലും തിരിച്ചു വരുമെന്ന വിശാസത്തോടെ അവൾ അമ്മയോടെപ്പം യാത്രയായി.

കുട്ടിക്കവിത.......



# എന്റെ നാട്

പ്രാർത്ഥന കെ.ജെ. 7 എ

പച്ചപ്പട്ടുവിരിച്ചതു പോലൊരു സുന്ദരമായ നാട്
കേരകളെല്ലാം തിങ്ങിനിറഞ്ഞൊരു സുന്ദരമായ നാട്
കലകൾ തിങ്ങിനിറഞ്ഞൊരു നാട് എന്റെ സുന്ദരനാട്
ആറും കടലും പുഴകളുമുള്ളൊരു സുന്ദരമാണീ നാട്
മഴവില്ലിന്റെ നിറങ്ങളുള്ള സുന്ദരമാണീനാട്
കുട്ടികളെല്ലാം ആർത്തുരസിച്ചൊരു കളിക്കളമാണീനാട്
ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീമുകളുടെ ഒരുമയുള്ളൊരു നാട്
സൗഹൃങ്ങൾ ഒത്തുചേർന്ന് സുന്ദരമാണെൻ നാട്



# ബാല്യത്തിലേക്ക്



സൂര്യ എ.എസ്

ഫിസിക്സ് ടീച്ചർ

തിരികെപ്പോകണം...

ചിതറിവീണ

മഞ്ചാടിമണികളിലേയ്ക്ക്.....

പൊട്ടിപ്പോയ

കളിപ്പാട്ടങ്ങളിലേയ്ക്ക്

കണ്ടുതീരാത്ത കാഴ്ചകളിലേയ്ക്ക്

കേട്ടുമറന്ന പാട്ടുകളിലേയ്ക്ക്

പോകണം.....ബാല്യത്തിലേക്ക്

ഒന്നു പൊട്ടിച്ചിരിക്കാൻ

എല്ലാം മറന്നൊന്നുറങ്ങാൻ





# സ്പോർട്സും വിദ്യാഭ്യാസവും

റ്റി.ജെ.ജോൺ

കായിക അദ്ധ്യാപകൻ


ഇന്നത്തെ കുട്ടികളാണ് നാളെ പൗരന്മാർ. ബാല്യവും കൗമാരവും ആഘോഷിച്ച തിമിർ ത്തു കളിച്ചുല്ലസിച്ച് വളരുന്നു. എന്നാൽ വിദ്യാഭ്യാസ സ്ഥാപനത്തിൽ എത്തുന്നതോടെ നമ്മു ടെ കുട്ടികളുടെ നിഷ്കളങ്കതയും ഉത്സാഹവും നഷ്ടപ്പെടുന്നു. ഒരു വ്യക്തിയെ ശാരീരികവും മാനസികവും ധാമ്മികവുമായി വളർത്തിയെടു ക്കാൻ വേണ്ടി രൂപപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാ സ സമ്പ്രദായം ഇന്ന് ചില വസ്തുതകളും കണ ക്കുകളും പഠിപ്പിക്കുന്നതിൽ ഒതുങ്ങി നിൽക്കു ന്നു. ഇതിന്റെ ഫലമായി മനസ്സ് വികസിക്കു ന്നെങ്കിലും ശരീരം ശുഷ്കിച്ച പോകുന്നു.ആരോ ഗ്യപൂർണ്ണമായ ഒരു ശരീരമില്ലെങ്കിൽ മാനസിക വികാസവും അപൂർണ്ണമാകും. പണം ബുദ്ധികൂർമ്മത നൽകുന്നു. എന്നാൽ വിനോദത്തിന്റെ അഭാവം തലച്ചോറിനെ അലസമാക്കുന്നു. കായിക വിനോദങ്ങൾ ശരീരത്തിന് ഉന്മേഷവും ഉണർവ്വും നൽകുകയും അലസതയെ കർമ്മനിരതയാക്കുകയും ചെയ്യുന്നു.ശരീരത്തിന് ഉണർവുണ്ടാകുമ്പോൾ തലച്ചോറും ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നു.അതോടെ വിദ്യാർഥികൾക്ക് കൂടുതൽ ശ്രദ്ധ പഠനത്തിൽ കേന്ദ്രീകരിക്കാൻ സാധിക്കുന്നു.

വ്യക്തിത്വ വികസനത്തിൽ **കായിക വിനോദങ്ങൾ** വളരെ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കുന്നു. കളിക്കളം കുട്ടികൾ ഓടിച്ചാടിക്ക ളിക്കുന്ന ഒരു തുണ്ട് ഭൂമി മാത്രമല്ല,കൊച്ചുകുട്ടിക ൽ മാനുഷികവും ധാർമ്മികവുമായ മൂല്യങ്ങൾ വളർത്തിയെടുക്കുന്ന വേദിയാണത്. കളിക്കള ത്തിൽ എത്തുന്ന കളിക്കാർ കളി ജയിക്കുവാൻ വേണ്ടിയാണ് കളിക്കുന്നത്. അവരിൽ ടീം സ്പിരിറ്റും ഒത്തൊരുമയും ഉണ്ടാകുന്നു. വ്യത്യസ്ത രായ വ്യക്തികളും രാഷ്ട്രങ്ങളും തമ്മിൽ ഊഷ്മള മായ ബന്ധങ്ങൾ വളർത്തിയെടുക്കുവാൻ കായികവിനോദങ്ങൾ സഹായിക്കുന്നു. വ്യത്യസ്തരായ മനുഷ്യർ തമ്മിൽ ഇടപെടാൻ കായിക വിനോദങ്ങൾ അവസരം നൽകുന്നു. വിജയവും പരാജയവും സ്പോർട്സ്മാൻ സ്പിരിറ്റോടെ സ്വീകരിക്കപ്പെടുന്നു. വിജയത്തിന്റെ ഏറ്റവും പ്രധാന ഘടകമായ അച്ചടക്കം കളിക്കളത്തിൽ വളർ ത്തിയെടുക്കപ്പെടുന്നു. കളിയുടെ നിയമങ്ങൾ പാലിക്കുകയും അവ അനുസരിക്കുകയും ചെയ്യുക വഴി നാംശക്തമായഒരുഅച്ചടക്കബോധംനമ്മളിൽവളർത്തിയെടുക്കുകയാണ്ചെയ്യുന്നകളികളിലൂടെ അച്ചടക്കം മാത്രമല്ലആത്മനിന്ത്രണവും ആത്മാഭിമാനവും സ്വാശ്രയത്വ ശീലവും വളർത്തിയെടുക്കാൻ കഴിയുംഅങ്ങനെ കളിക്കളം വിദ്യാഭ്യാസത്തിന്റെ എല്ലാ നന്മകളും

പകരുന്ന ഒരു വിദ്യാലയമായിമാറുന്നു. ആസൂത്രിതമായ ഒരു ജീവിതത്തിന്റെ എല്ലാ മാന്യതയും അലങ്കാരങ്ങളുംസ്വാംശീകരിക്കുവാൻ ഉള്ള ശ്രമം ആയിരിക്കണം വിദ്യാഭ്യാസം ഈ ലക്ഷ്യം കായികവിനോദങ്ങളിലൂടെ ഏറ്റവും നല്ല രീതിയിൽ നേടിയെടുക്കുവാൻകഴിയും.കുട്ടികൾ ഓടിച്ചാടി കളിക്കാനുള്ള അവരുടെ സ്വാതന്ത്ര്യം തിരിച്ചുപിടിക്കട്ടെ. ഇന്നുള്ളതിനേക്കാൾ നല്ല രീതിയിൽ പുസ്തകങ്ങളുടെ നന്മ സ്വാംശീകരിച്ച് കൂടുതൽ നല്ല പൗരന്മാരാ യി അവർ മാറുമെന്ന കാര്യത്തിൽ സംശയമില്ല.

……………………………………………………………

## കുഞ്ഞുണ്ണിയുടെ യാത്രാപുസ്തകം



**ശ്രീ.**എസ്.ആർ.ലാൽ എഴുതിയ 'കുഞ്ഞുണ്ണിയു ടെ യാത്രാപുസ്തകം' ഈ കഴിഞ്ഞ വേനലവധി ക്ക് വായിക്കാനിടയായി. ഈ പുസ്തകത്തിൽ ധാരാളം സ്ഥലങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്. എത്യോപ്യ പോലെയുള്ള ആഫ്രിക്കൻ രാജ്യ ങ്ങളെക്കുറിച്ചും ഇന്ത്യയിലെ പല സംസ്ഥാന ങ്ങളെക്കുറച്ചും ഉള്ള വിവരണങ്ങൾ വിജ്ഞാന പ്രദമാണ്.

ഈ കഥയിലെ പ്രധാന കഥാപാത്ര മായ കുഞ്ഞുണ്ണി എന്ന പതിമ്മൂന്നുകാരനായ ഒരു ബാലന്റെ യാത്രയാണ് പ്രമേയം. കുഞ്ഞു ണ്ണിയെ കൂടാതെ ജീവൻ,സച്ചിൻ എന്നിവരും കഥാപാത്രങ്ങളായി വരുന്നുണ്ട്. കുഞ്ഞുണ്ണി മാമൻ കുട്ടികൾക്ക് തന്റെ കുട്ടിക്കാലത്ത് നട ത്തിയ യാത്രകളുടെ വിവരണം നൽകുന്നു. അതിൽ താൽപ്പര്യം തോന്നിയ ജീവൻ എന്ന കുട്ടി ആ സ്ഥലങ്ങളിലൂടെ യാത്ര നടത്തുകയും അതെല്ലാം കള്ളമാണെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. കൂടാതെ വൃദ്ധസദനമായ സ്നേഹഭവനിലെ ആബേലച്ചനും കാവൽ ഭടന്മാരായ ഷെർഷ,കൈസർ,ടോമി എന്ന മൂന്ന് നായകളും കഥ യിൽ പ്രധാന സ്ഥാനം വഹിക്കുന്നു. ഭൂമിക്കടിയിലെ നിധി നേടിയെടുക്കാനായി ശ്രമിക്കുന്ന മാർത്താണ്ഡനും മന്ത്രവാദിയായ മനമ്പാടിയും ആഫ്രിക്കൻ ബാലൻ രാമങ്കോലയും ലോകം ചുറ്റുന്ന വൈശാഖനും പുതിയ രാജ്യങ്ങൾ കണ്ടെത്താൻ യാത്ര ചെയ്യുന്ന കുറപ്പുമെല്ലാംമനസ്സിൽ തങ്ങുന്ന കഥാപാത്രങ്ങളാണ്.2017 ൽ കേന്ദ്രസാഹിത്യ അക്കാദമിയുടെ ബാലസാഹിത്യ അവാർഡും സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാലസാഹിത്യ അവാർഡും ഈ കൃതിക്ക് ലഭിച്ചിട്ടുണ്ട്. ഈ കൃതി ഒട്ടേറെ യാത്രകൾ നടത്താൻ പ്രചോദനം നൽകുകയും ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യാൻ നമ്മെ പഠിപ്പിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല.



**വിനായക്.വി 7A**



# കയ്പേറിയ ജീവിതം



കൃഷ്ണലക്ഷ്മി.എസ്

**അ**വന്റെ പേര് രാമു എന്നാണ് അവൻ ജനിച്ചപ്പോഴേ അവന്റെ അമ്മ അവനെ വിട്ടുപോയി അവന് രണ്ട് വയസ്സുള്ളപ്പോൾപിന്നലെ അച്ഛനും. രാമു എന്ന് പേരിട്ടത് അവന്റെ അച്ഛനാണ് അനാഥമന്ദിരത്തിൽ വളർന്ന അവൻ മാതാപിതക്കളുടെ സ്നേഹംഅനുഭവിച്ചിട്ടില്ല.വായന അവന്റെ കൂട്ടുകാരനായിരുന്നു ദിവസം മുഴുവൻ ഒരു പുസ്തകപുഴുവായ് ഇരിക്കാൻ അവന് വളരെയധികം ഇഷ്ടമാണ്. വായനയിലൂടെ ധാരാളം അറിവ് അവൻ സമ്പാദിച്ചിരുന്നു.കൂടാതെ ചിത്രരചനയിലും അവന്റെ മികവ് അവൻ ഉയർത്തിക്കാട്ടി. ധാരാളം കഠിനാധ്വാനം ചെയ്യാൻ മനസ്സുള്ളവൻ ആയിരുന്നു. രാമു അവന്റെ അധ്വാനം പാഴായില്ല. ഇന്ന് അവൻ ഒരു ജില്ലയുടെ ഭരണാധികാരിയാണ്. ഓരോ നിമിഷവും അവൻ തന്റെ മാതാപിതാക്കളെ കുറിച്ച് ഓർക്കും. മുലപ്പാലിന്റെ മധുരം നുകരാത്ത ലാളനയേറ്റു വാങ്ങാത്ത രാമു ഇന്നെത്തിനിൽക്കുന്നത് വലിയ ഒരു പദവിയിലാണ്. ആഴ്ചയിലൊരിക്കൽ രാമു അനാഥമന്ദിരത്തിൽ പോവുകയും കൈ നിറയെ മിഠായി കുട്ടികൾക്ക്കൊടുക്കുകയും ചെയ്യും. പുത്തൻ നാളേക്ക് ഉണർവിന്റെ പാതയിലേക്ക് നമുക്കൊരു പാഠമാണ് രാമു.



# സ്വപ്നത്തിലെ കൂട്ടുകാർ



പണ്ട് ഒരു വനത്തിൽ ഒരു **പരുന്തും എലിയും** സുഹൃത്തുക്കളായി താമസിച്ചിരുന്നു. ഇലഞ്ഞി മരത്തിന് താഴെയുള്ള മാളത്തിലാണ് എലികഴിഞ്ഞിരുന്നത്. മരത്തിൽ കൂട്ടുവെച്ച് പരുന്ത് കഴിഞ്ഞിരുന്നു. അങ്ങനെ ഒരു ദിവസം എലി യും പരുന്തും ആഹാരം അന്വേഷിച്ച് നടക്കുക യായിരുന്നു വളരെ നേരത്തെ അന്വേഷണ ത്തിന് ശേഷം




എലിക്ക് ആഹാരം കണ്ടെ ത്താൻ കഴിഞ്ഞു. ആഹാരവുമായി എലി വേഗം തന്നെ മാളത്തിലേക്ക് പോയി പരുന്ത് വരു ന്നതിന് മുൻപായി എലി മാളത്തിലിരുന്ന് ആഹാരം മുഴുവൻ തിന്നുതീർത്തു . പരുന്തിന് ആഹാരം നൽകാമെന്ന് പറഞ്ഞ് പറ്റിക്കുകയും ചെയ്തു . ഇതെല്ലാംമനസ്സിലാക്കിയ പരുന്ത് എലിയുമായുള്ള സുഹൃത്ത് ബന്ധം ഉപേക്ഷിച്ചു. പിന്നീട് എലിയും പരുന്തും ഒറ്റയ്ക്കാണ് ആഹാ രം അന്വേഷിച്ച പോയത് അങ്ങനെ ഒരു നാൾ വളരെ നേരം അന്വേഷിച്ച നടന്നിട്ടും ആഹാരം കണ്ടെത്താൻ എലിക്ക് സാധിച്ചില്ല. എലിയുടെ ഈ അവസ്ഥ കണ്ട് പരുന്ത്,തന്റെ ആഹാരം രണ്ടായി പങ്കുവയ്ക്കുകയും എലിയും പരുന്തും കൂടി അത് തിന്നുകയും ചെയ്തു. താൻ ചെയ്ത തെറ്റ് മനസ്സിലാക്കി എലി പരുന്തിനോട് ക്ഷമ ചോദിക്കുകയുംഉറ്റ സുഹൃത്തുക്കളായി ജീവി തകാലം മുഴുവൻ താമസിക്കുകയും ചെയ്തു.

**അമൃത.എ. 9 ബി**



## കുത്തിയതോട് ഈ സി ഈ കെ യൂണിയൻ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് എല്ലാ ആശംസകളും





| | | |
|---|---|---|
| ജയശ്രീബി. | വിജയശ്രീ | എസ്സ് സൗമ്യാ |
| ഐ.റ്റി കോർഡിനേറ്റർ | കൈറ്റ് മിസ്ട്രസ്സ് | കൈറ്റ് മിസ്ട്രസ്സ് |



ചന്ദന പി.കുമാർ

# ബാല്യത്തിന്റെ അനാഥത്വം



ഒരു രാപ്പകൽ പാതിവിടർന്ന സമയംകിളികൾ വാനിൽക്കൂടി പാറിപ്പറന്ന്നടക്കുമ്പോൾ **അപ്പു** എന്ന് ചെല്ലപ്പേരുള്ള കിരൺ അതിരാവിലെ കിടക്കയിൽനിന്ന് എണീക്കുന്നു.ഒരു നിമിഷം അവന്റെ ഓർമ്മ പഴയകാലത്തേക്ക് പോയി.അച്ഛനും അമ്മയും അനിയത്തിയുമായിസന്തോഷമായി കഴിഞ്ഞിരുന്ന നാളുകൾ ഒരു തേങ്ങലോടെ അല്ലാതെ ഓർക്കുകസാധ്യമല്ല.

നിമിഷം അവൻ അച്ഛന്റെയും അമ്മയുടെയും അനിയത്തിയുടെയും എല്ലാം മധുരമായ ഓർമ്മകൾക്കിടയിലും അവരുടെയെല്ലാം മാലയിട്ടചിത്രവും മരണവീട്ടിലെ ഓർമ്മകളുമെല്ലാം അവന്റെ മനസ്സിലൂടെ കടന്നുപോയി.ഒരുനാൾ അമ്മയുടെ വീട്ടിലേക്ക് പോയതാണ്. ബൈക്കിലായിരുന്നു യാത്ര.ഒരു ലോറിയുമായി കൂട്ടിയിടിച്ചു.അച്ഛനും അമ്മയും തൽക്ഷണം മരിച്ചു.അനിയത്തിയെ ആശുപത്രിയിൽ കൊണ്ടുപോകും വഴി മരിച്ചു.അന്ന് അവരുടെ ആത്മാവിന് ബലിയിടുന്ന ദിവസമായിരുന്നു.അമ്മയുടെ കൂടെയാണ് കിരൺ താമസിക്കുന്നത്. ബലിയിടാനായി കർമ്മി വരുമ്പോഴേക്കും അവൻ കുളിച്ച് നനഞ്ഞ മുണ്ട് ധരിച്ച് ബലിയിടാനായി മനസ്സും പാകപ്പെടുത്തി വച്ചു.മധുരമുള്ള ഓർമ്മകളും കളിചിരികൾ നിറഞ്ഞ സന്തോഷമുള്ള ദിനങ്ങളുമായി കഴിയേണ്ട ഈ പ്രായത്തിൽ അനാഥത്വത്തിന്റെ ദുഃഖം അവന്റെ മനസ്സിൽ തീച്ചൂളയെക്കാളും നീറുന്നുണ്ടായിരുന്നു.ബലി കഴിഞ്ഞു.രണ്ടാം നാൾ അമ്മയുടെ ബന്ധുവായ ലീല കിരണിനെ മർദ്ദിക്കുകയും മാനസികമായും ശാരീരികമായും പീഡിപ്പിക്കുകയും ചെയ്തിരുന്നു.വീട്ടിലെ എല്ലാ ജോലികളും കിരണിനെക്കൊണ്ട് ചെയ്യിച്ചു. പഠിത്തത്തിൽ മിടുക്കനായിരുന്ന അവനെ അവഗണിക്കുകയും സ്കൂളിൽ വിടാതിരിക്കുകയും ചെയ്യുന്ന ലീല എന്ന സ്ത്രീയുടെ ക്രൂരമായപ്രവർത്തിക്ക് അയൽക്കാരിയായ മനുഷ്യത്വമുള്ള ചന്ദ്രികച്ചേച്ചി ബാലവേലയ്ക്കെതിരെയുള്ള ചൈൽഡ് ലൈൻ പ്രവർത്തകരെ അറിയിക്കുന്നു. അവർ ലീലയ്ക്കെതിരായി നടപടിയെടുക്കുന്നു.കൂടാതെ കിരണിനെ അനാഥാലയത്തിൽ ഏൽപ്പിക്കുകയും അവന്റെ പഠനത്തിന് വേണ്ട കാര്യങ്ങളെല്ലാം അവർ ഏറ്റെടുക്കുകയും ചെയ്യുന്നു.

അവൻ പഠിച്ച് അവന്റെ ആഗ്രഹം പോലെ ഒരു കളക്ടറായി മാറുന്നു.അവൻ ജീവിതകഥയെല്ലാം ചേർത്ത് ഒരു ആത്മകഥയെഴുതുന്നു.അവൻ എഴുതിയ ഓരോ വരിയിലും അവൻ അനുഭവിച്ച യാതനകളുടെയുംനിസഹായതയുടെയും വരി കാണാമായിരുന്നു.അതു കൊണ്ടു തന്നെ ആത്മകഥ ഏറേ ശ്രദ്ധിക്കപ്പെട്ടു എങ്കിലും അനാഥത്വത്തിന്റെയും യാതനകളുടെയും വേർപാടുകളുടെയും നൊമ്പരം അവന്റെ മനസ്സിനെ കഠിനമായ ദുഃഖത്തിന് ഇടയാക്കി.അവൻ വേതനകളിലും സുഖംകണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു.അതുകൊണ്ടു തന്നെ അവൻ ജീവിതത്തിൽ ഉയരം കൈവരിക്കുകയും ചെയ്തിരുന്നു[ഗുണപാഠംഃഏതൊരവസ്ഥയിലും സുഖം കണ്ടെത്താൻ ശ്രമിക്കുകയാണെങ്കിൽ ജീവിതത്തിൽ ഉയരം കൈവരിക്കാനാകും]

# പുഞ്ചിരി



നമ്മുടെ അഴക് പുഞ്ചിരി

നമ്മുടെ സ്നേഹം പുഞ്ചിരി

നമ്മുടെ ഒരുമ പുഞ്ചിരി

എവിടെയും എപ്പോഴും പുഞ്ചിരി

നമ്മുടെ പുഞ്ചിരി പുഞ്ചിരി

അഴകേകും പുഞ്ചിരി

എന്നും എന്നും നമ്മുടെ
പുഞ്ചിരി പുഞ്ചിരി പുഞ്ചിരി
പാലൊളി വിടരും പുഞ്ചിരി



പാർവ്വതി.എൻ.പി 7A



# മലേഷ്യയിലൂടെ.....



**ബി.ജയശ്രീ**

*ഗണിതശാസ്ത്ര അദ്ധ്യാപിക*



**2017** സെപ്റ്റംബർ 5 ന് വൈകുന്നേരം എൻെറകുടുംബം ഉൾപ്പടെ 30 പേർ അടങ്ങുന്ന ഒരുസംഘം മലേഷ്യയും സിംഗപ്പൂരും സന്ദർശിക്കുവാനായി നെടുമ്പാശേരി വിമാനത്താവളത്തിൽ ഒത്തുകൂടി.അവിടെ വച്ച് സംഘത്തിലെ എല്ലാവരെയും പരിചയപ്പെട്ടു.രാത്രി 11.30 നായിരുന്നു വിമാനം.വിമാനയാത്ര ആദ്യാനുഭവം അല്ലെന്നിരുന്നാലും എന്തോ ഒരു ടെൻഷൻ പോലെ.നല്ല സുന്ദരികളായ എയർ ഹോസ്റ്റസുമാർ നമ്മെ സ്വാഗതം ചെയ്ത് നമുക്കുവേണ്ടി ബുക്കു ചെയ്തിരുന്ന സീറ്റിലേക്ക് ആനയിച്ചു.നിശ്ചിതസമയത്ത് തന്നെ വിമാനം ചലിച്ചുതുടങ്ങി.അത് തിലത്തുകൂടി ഓടുകയാണ്.അതിൻെറ വേഗത കൂടുന്നു എല്ലാവരും സീറ്റ് ബെൽറ്റിട്ട് നിവർന്നിരിക്കാനുള്ളനിർദേശം വന്നു.അതിനു മുൻപുതന്നെ ബെൽറ്റ്ഇട്ട് ഞാൻ റെഡിയായിരുന്നു.നിലത്തുകൂടി ഓടിയ വിമാനം വലിയ ശബ്ദത്തോടെ മുകളിലേക്ക് പൊങ്ങി. എയർഹോസ്റ്റസുമാർ തന്ന ഹെഡ്സെറ്റ് ചെവിയിൽ വച്ചതിനാൽവായുമർദ്ദവ്യതിയാനം മൂലമുണ്ടാകുന്ന ചെവ വേദന ഒഴിവാക്കാൻ സാധിച്ചു. മിനിറ്റുകൾ കഴിയുന്തോറും താഴത്തെ കാഴ്ചകൾ മങ്ങി മങ്ങി വ്യക്തമല്ലാതായി.നമ്മെ തൊട്ടുപോകുന്ന വെള്ളമേഘങ്ങൾ പഞ്ഞിക്കെട്ടുകൾ പോലെ പാറി പറന്നു നടക്കുന്നു.അവയെ ഭാവനയിൽ ഓരോ രുപങ്ങളായി സങ്കൽപ്പിച്ചു കൊണ്ടിരുന്ന എൻെറ നയങ്ങളെ തീർത്തും നിരാശപ്പെടുത്തിക്കൊണ്ട് വിമാനം വീണ്ടും ഉയരങ്ങളിലേക്ക്.

ഞങ്ങൾ പറക്കുന്നതിനു താഴെയായി മേഘപടലങ്ങൾ കാണാം.നേരെ നോക്കിയാൽ ശൂന്യത മാത്രം.അപ്പോഴേക്കും ഞങ്ങൾക്കുള്ളഭക്ഷണവുമായി സുന്ദരികളെത്തി.അതിനു ശേഷം പതിയെ നിദ്രയിലേക്ക് വഴുതിവീണഎന്നെ അതിൽ നിന്ന് തൊട്ടുണർത്തിയത് മധുരം തുളുമ്പുന്ന ഒരു അനൗൺസ്മെൻറാണ്.ഉടൻ തന്നെ കോലാലംപൂർ എത്തുന്നു.രാവിലെ 3.10 ന് അവിടെ എത്തി.അവിടുത്തെ സമയം രാവിലെ 5.40 ആയിരുന്നു.നമ്മുടെ സമയത്തെക്കാൾ 2.30 മണിക്കൂർ മുൻപാണ് അവിടുത്തെ സമയം.ലഗേജ് കളക്ട് ചെയ്ത് ഞങ്ങളെല്ലാവരും പുറത്തേക്ക്.എയർ പോർട്ടിൽ പലയിടത്തും KELUAR എന്ന് എഴുതി

വച്ചിരിക്കുന്നു.എന്താണെന്ന് പിടികിട്ടിയില്ല.പുറത്ത് ഗൈഡ്കാത്തിരുന്നു.അവിടെ നിന്നും ഞങ്ങൾക്കുള്ള പ്രത്യേക ബസ്സിൽ ഹോട്ടലിലേക്ക്.

യാത്രാക്ഷീണമുണ്ടായിട്ടും ആദ്യമായി പുറംലോകം കാണുന്ന ഒരു കുട്ടിയുടെ കൗതുകത്തോടെഞാൻ പുറത്തെ കാഴ്ചകൾ കണ്ടിരുന്നു.നല്ല വൃത്തിയുള്ള നാലുവരി പാതയുടെ ഇരു വശങ്ങളിലും ഇടതൂർന്ന വനങ്ങളാണ്.പാംഓയിൽ ഉണ്ടാക്കുന്ന പനന്തോട്ടങ്ങൾ കാണാം. പല പ്രദേശങ്ങളിലും കാണുന്ന വീട്ടുകളെല്ലാം ഒരേമാതൃകയിലുള്ളത്.അവ ഗവൺമെൻറ് നിർമിച്ച നൽകുന്നതാണ്.ഇന്ത്യയും ലേഷ്യയിലുമൊക്കെ ഒരേ ഭൂമധ്യരേഖാപ്രദേശത്ത് വരുന്നതിനാലാവണം നമ്മുടെ കാലാവസ്ഥയുമായി കാര്യമായ വ്യത്യാസം ഒന്നും അനുഭവപ്പെട്ടില്ല.

യാത്ര അവസാനിക്കാറായപ്പോൾ അംബരചുംബികളായ ബഹുനിലകെട്ടിടങ്ങളുടെ ഒരു ഘോഷയാത്ര തന്നെ.ഇത്ര സമ്പന്ന രാഷ്ട്രമാണോ അത് എന്ന് നമ്മെ അത്ഭുതപ്പെടുത്തുന്ന തരത്തിൽവൈവിധ്യമാർന്ന മണിമാളികകളുടെ ഒരു സഞ്ചയമായിരുന്നു.അതായിരുന്നു കോലാലംപൂർസിറ്റി മലേഷ്യയുടെ തലസ്ഥാനമാണ് കോലാലംപൂർ.അതിന് അർത്ഥം തന്നെ meeting of to muddy river എന്നാണ്.മലേഷ്യയിൽ മലയ് ഭാഷയാണ്

സംസാരിക്കുന്നത്.അതിന് പ്രത്യേക ലിപി ഇല്ല.എഴുതാൻ റോമൻ അക്ഷരങ്ങൾ ഉപയോഗിക്കുന്നു.ഞാൻ നേരത്തേ സൂചിപ്പിച്ച KELUAR യാത്രയിലുടനീളം പലയിടത്തും കണ്ടു.പിന്നീട്അത് exit[വഴി] എന്നതിൻെറ മലയ് ഭാഷയിൽ വഴക്ക് 'കേളുവർ'എന്നും താങ്ക് യൂഎന്നതിന് 'തെറിമാക്കാസേ'എന്നും വെൽക്കംഎന്നതിന് 'സാമാസാമാ'എന്നും പറയും.ഞങ്ങളുടെ ഒരു മണിക്കൂർ ബസ് യാത്രഅവസാനിച്ചത് IBIS ഹോട്ടലിന് മുന്നിലാണ് .

അവിടെ മുറിയിൽ ചെന്ന് പ്രഭാത ദിനാചര്യങ്ങളൊക്കെ കഴിഞ്ഞ് പ്രഭാത ഭക്ഷണം കഴിച്ചു.അല്പസമയം വിശ്രമത്തിനു ശേഷം ഉച്ചകഴിഞ്ഞ് 12 ന് മലേഷ്യയുടെ ഭരണതലസ്ഥാനമായ പുത്രജയയിലേക്ക് പോയി.ഗവൺമെൻറ് ഓഫീസുകൾ, സെക്രട്ടറിയേറ്റ് ,മന്ത്രിഭവനങ്ങൾ എല്ലാം പ്രവർത്തിക്കുന്നത്കുറഞ്ഞത് 10 നിലകളെങ്കിലും ഉള്ള കെട്ടിടങ്ങളിലാണ്.അവിടെ കണ്ട മറ്റൊരു പ്രത്യേകതഎല്ലാ വീടുകളും ഉൾപ്പെടെയുള്ള എല്ലാ കെട്ടിടങ്ങളിലും അവരുടെദേശീയ പുഷ്പമായ ചെമ്പരത്തിയേയും അവര് വെറുതെ വിട്ടിരുന്നില്ല.എല്ലാ തെരുവ് വിളക്കുകാലിലും വളരെ വലിപ്പമുള്ള ചെമ്പരത്തിപ്പൂവ് അല്ലെങ്കിൽചെമ്പരത്തിച്ചെടിയുടെ രൂപം തന്നെ പണിതുവച്ചിട്ടുണ്ട്.

ഉച്ചഭക്ഷണത്തിന് ശേഷം ഞങ്ങൾ സുൽത്താൻെറ കൊട്ടാരം കാണാൻ പോയി.കൊട്ടാരത്തോടടുത്തപ്പോൾ വാവാസൺ ബ്രിഡ്ജ് കണ്ടു.കൊട്ടാരത്തിൽ എപ്പോഴും കുളിർമ കിട്ടാനായി അതിൻെറ ഇരുവശങ്ങളിലൂടെയും ഒഴുകുന്ന ഒരു കൃത്രിമ തടാകം നിർമ്മിച്ചിരിക്കുന്നു.അതിനുമുകളിലാണ് ഈ പാലം.തടാകത്തിലെ ജലം എപ്പോഴും ഫിൽട്ടർ ചെയ്തുകൊണ്ടിരിക്കും.അവിടുന്ന് അല്പം മുന്നോട്ട്പോയാൽ കൊട്ടാരം കാണാം.

കൊത്തുപണികളോടുകൂടി വലിയ മതിലും ഗേറ്റും.കൊട്ടാരത്തിനുള്ളിലേക്ക് ആർക്കും

പ്രവേശനമില്ല.മതിലിനുള്ളിലും പുറത്തുമായി നയനമനോഹരമായ പൂന്തോട്ടങ്ങൾ.അവിടെ നിന്നുനോക്കിയാൽ ഒരു ബക്കിളാകൃതിയിൽ പണിതിരിക്കുന്ന പുത്രജയ് കോൺഫ്രൻസ് സെന്റർ കാണാം.അവിടെ നിന്നും പോരുന്ന വഴി 1901 ൽ ഒരു ഇന്ത്യൻ ആർക്കിടെക്റ്റ് നിർമ്മിച്ച നയ-നമനോഹരമായ പള്ളി'മസ്ജിദ് ജാമിൻ'കണ്ടു.

പിറ്റേദിവസം രാവിലെ കോലംപൂരിലെ പ്രസിദ്ധമായ ബാട്ടുകേവ്സ് കാണാൻ പോയി.400 മില്യൻ പഴക്കമുള്ള ഗുഹകൾ.അത് ചുണ്ണാമ്പുകല്ലിൽ ഉള്ള മലയാണ്. അങ്ങോട്ട് പോവുമ്പോൾ വളരെ അകലെ നിന്ന് തന്നെ കാഞ്ചനപ്രഭയിൽ തിളങ്ങിനിൽക്കുന്ന അതി ഭീമാകാരമായ ഒരു പ്രതിമകാണാം.140 അടി ഉയരമുള്ള ലോകത്തിലെ ഏറ്റവും വലിയ സുബ്രഹ്മണ്യരൂപമാണത്. അതിനു സമീപം 272 പടികൾ.അത് കയറിയാൽ അമ്പലത്തിൽ എത്താം.കയറിച്ചെല്ലുമ്പോൾ ഉള്ള വലിയ ഗുഹകൾ.ഹൃദ്യമായഅപൂർവ്കാഴ്ചകളിൽ ഒന്നാണ്.അവിടെ അനേകം പ്രാവുകളും കുരങ്ങന്മാരുമുണ്ട്.അവ ഒരു പേടിയുമില്ലാതെ നമ്മുടെ കയ്യിൽ വന്നിരിക്കും.അവിടെ നിന്നും നേരേ മ്യൂസിയത്തിലേക്ക് പോയി.മ്യൂസിയത്തിൽ വേണ്ട എല്ലാ വിഭവങ്ങളും അതിലുണ്ട്.സമയക്കുറവുമൂലം ധൃതിയിൽ എല്ലാം കണ്ട് പുറത്തിറങ്ങി.

ഉച്ചഭക്ഷണത്തിനു ശേഷം പാർലമെന്റ് ഹൗസ്,ഇൻഡിപ്പെൻഡൻസ് സ്ക്വയർ,ജമേക്സ് മോസ്ക്,കുടയുടെ ആകൃതിയിൽമനോഹരമായി നിർമ്മിച്ച നാഷണൽ മോസ്ക് ഇവ കണ്ടു.അവിടെ നിന്നും അരമണിക്കൂർ യാത്രചെയ്ത് നാഷണൽ മോൺമെന്റിലെത്തി. സ്വാതന്ത്ര്യസമര സേനാനികൾക്കായി നിർമ്മിച്ച വർണ്ണമനോഹരമായ വലിയ കെട്ടിടം.അതിനു ചുറ്റും ഒരുഗ്രൻ ഉദ്യാനം.കവാടം കഴിഞ്ഞ് അകത്തേക്ക് പ്രവശിക്കുമ്പോൾ ഒരു വലിയ കൃത്രിമ കുളം.അതിൽ മനോഹരമായ ഫൗണ്ടൻ.അതിൽനിന്നുള്ള വെള്ളം വീഴുന്നത് കുളത്തിൽകൃത്രിമമായി നിർമ്മിച്ച അനേകം താമരപ്പൂക്കളിൽ കുളത്തിനുള്ളിൽ മധ്യഭാഗത്തായി വലിയ ശില്പങ്ങൾ.അവരുടെ അടിമത്തത്തിൽ നിന്നുള്ള ഉയർത്തെഴുന്നേൽപ്പിന്റെ ശില്പങ്ങൾ.അത് സ്വാതന്ത്ര്യത്തിനും സമാധാനത്തിനും വേണ്ടി പോരാടിയ അനേകങ്ങൾക്കുവേണ്ടി സമർപ്പിച്ചിരിക്കുന്നു. ..........................................................................

# അമ്മ



കൃഷ്ണലക്ഷ്മി.എസ് ( 7 ബി )

സരസ്വതി ദേവിയാണമ്മ

വിദ്യാലയത്തിൻ അഞ്ചക്ഷരമാണമ്മ

പുസ്തകത്താളെന്റെയമ്മ

നാവിൽ കുറിച്ചൊരുഅമ്മ

അക്ഷരം പഠിപ്പിച്ചോരമ്മ

സരസ്വതി ദേവിയാണമ്മ

വിദ്യാലയത്തിൻ അഞ്ചക്ഷരമാണമ്മ

പുസ്തകത്താളെന്റെയമ്മ

നാവിൽ കുറിച്ചൊരു

മന്ത്രാക്ഷരം മറക്കില്ലയെന്നും

സ്നേഹവും ശാസനയും

തന്നവെന്നമ്മ

മറക്കാനാവില്ല മറക്കാനാവില്ലഅമ്മ

അക്ഷരം പഠിപ്പിച്ചോരമ്മ

സരസ്വതി ദേവിയാണമ്മ

വിദ്യാലയത്തിൻ അഞ്ചക്ഷരമാണമ്മ

പുസ്തകത്താളെന്റെയമ്മ

നാവിൽ കുറിച്ചൊരുഅമ്മ

അക്ഷരം പഠിപ്പിച്ചോരമ്മ

സരസ്വതി ദേവിയാണമ്മ

വിദ്യാലയത്തിൻ അഞ്ചക്ഷരമാണമ്മ

പുസ്തകത്താളെന്റെയമ്മ

നാവിൽ കുറിച്ചൊരു

മന്ത്രാക്ഷരം മറക്കില്ലയെന്നും

സ്നേഹവും ശാസനയും

തന്നവെന്നമ്മ

മറക്കാനാവില്ല മറക്കാനാവില്ല

ഒരിക്കലും എനിക്ക് മറക്കാനാവില്ല



# അനാഥ

എനിക്ക് അച്ഛനില്ലമ്മയില്ല  ആരുമില്ല
ഒരു നല്ല പുത്തനടുപ്പ് വാങ്ങാൻ അച്ഛനില്ല
വിദ്യലയത്തിൽ കൊണ്ടയ്ക്കാൻ അമ്മയില്ല
ഒരു നല്ല പാട്ട് പാടിത്തരാൻ എനിക്കാരുമില്ല
എനിക്ക് അച്ഛനില്ല അമ്മയില്ല ആരുമില്ല

ഞാൻ അനാഥയായതിനാൽ ദുഖമുണ്ട്
എന്റെ വാക്കുകൾ കേൾക്കാൻ ആരുണ്ട്
എന്നെ താരാട്ട് പാടിയുറക്കാൻ അമ്മയില്ല
എനിക്കാരുമില്ലാരുമില്ല.....
സ്നേഹനെന്താണെന്ന് എനിക്കറിയില്ല
എന്റെ അച്ഛനും അമ്മയും എവിടെയാണ് ?
എന്നെ ഒരു നാൾ കാണവാൻ
എത്തീടുമോ
ആവാത്സല്യംലഭിക്കുവാൻ
എന്റെ നെഞ്ച് തുടിച്ചിടുന്നു
എനിക്ക് അച്ഛനില്ലമ്മയില്ലാരുമില്ല
ഒരു നല്ല പുത്തനടുപ്പ് വാങ്ങാൻ അച്ഛനില്ല
വിദ്യലയത്തിൽ കൊണ്ടയ്ക്കാൻ അമ്മയില്ല
ഒരു നല്ല പാട്ട് പാടിത്തരാൻ എനിക്കാരുമില്ല
എന്റെ കുഞ്ഞിളം
ചുണ്ടുകൊണ്ട്
അമ്മയ്ക്കൊരുമ്മ നൽകാൻ
എനിക്കാവുമോ

എനിക്ക് ആരുമില്ല എനിക്കാരുമില്ല
എന്റെ മാതാപിതാക്കൾക്ക്
എന്നോടിഷ്ടമല്ലെ  ... ഞാൻ അനാഥയായി

ആവണി വി.ഡി 9 ബി






# നന്ദി..........

ഈ ഡിജിറ്റൽ മാഗസിനു
പിന്നിൽ പ്രവർത്തിച്ച
കുത്തിയതോട് ഈ.സി.ഇ.കെ.
യൂണിയൻ ഹൈസ്കൂളിലെ
ലിറ്റിൽ കൈറ്റസ്
അംഗങ്ങൾക്കും ഇതിലേക്ക്
സൃഷ്ടികൾ നൽകിയ
പ്രതിഭാധനരായ
വിദ്യാർത്ഥികൾക്കും ഞങ്ങൾക്ക
വേണ്ട മാർഗ നിർദേശങ്ങൾ
നൽകി അധ്യാപകർക്കും നന്ദി.

എഡിറ്റോറിയൽബോർഡ്

